# പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

24.06.2013 ന് മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3327

## ആനകളുടെ ഉടമസ്ഥാവകാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കേരളത്തിലെ ആന ഉടമകളുടെ കൈവശം ആനകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) പല ആന ഉടമകളുടേയും കൈവശം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഇല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി)ഉടമസ്ഥാവകാശം സംബന്ധിച്ച് ഇപ്പോൾ നൽകിയിട്ടുള്ള ഡേറ്റാ ബുക്കിന് പകരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടി സ്വീകരിക്കുമോ; | (ബി) നിയമപരമായ തടസമുള്ളതിനാൽ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല. |
| (സി) മറ്റു സംസ്ഥാനങ്ങളിൽ ആനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നത് അഞ്ചു വർഷത്തിലൊരിക്കലാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കേരളത്തിൽ നൽകുന്നതിന് തടസ്സമെന്തെന്ന് വിശദമാക്കുമോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) നിലവിൽ അനുവദിച്ച ഡേറ്റാ ബുക്കുകളിൽ ഉടമസ്ഥന്റേയോ, ആനയുടെയോ പേരു മാറ്റാനുള്ള അനുവാദം സർക്കാർ നൽകുമോ; ഇല്ലെങ്കിൽ എന്താണ് ഇതിനുള്ള തടസ്സം എന്ന് വിശദമാക്കുമോ ? | (ഡി) ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് കൈവശമുള്ളവരുടെ ഡാറ്റാ ബുക്കിൽ പേരുമാറ്റം വരുത്തുന്നത് ചട്ടപ്രകാരം അപേക്ഷിച്ചാൽ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.